**കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്ലാൻ ഫണ്ട്-2019-20- വാക് വിത്ത് എ സ്കോളർ(WWS/സ്കോളർ സപ്പോർട്ട് പ്രോഗ്രാം(SSP))- എയ്ഡഡ് കോളേജുകളുടെ ട്രഷറി -ക്യൂവിൽ ഉൾപ്പെട്ട 2018-2019 സാമ്പത്തിക വർഷത്തിലെ ബില്ലുകൾ മാറുന്നതിനാവശ്യമായ തുക 2202-03-105-90- എന്ന ശീർഷകത്തിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അനുവദിച്ചു ഉത്തരവാകുന്നു

---

**ഉത്തരവ് നമ്പർ പി 4 / 66878 / 2019 /കോ വി.വ .** **തീയതി: 04/07/2019**

പരാമർശം-) 1) 10/04/2019 ലെ നം 31/ 2019 /ധന സർക്കുലർ
2)22/06/19 ലെ ഇതേ നമ്പർ ഉത്തരവ്
3)28/05/2019 ലെ കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ ഡി 6 /ജനറൽ / 2019 നമ്പർ കത്ത്
4) 27/06/2019 ലെ കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറുടെ A2/190/2019 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം ട്രഷറി ക്യൂ വിൽ ഉൾപ്പെടുത്തിയ ബില്ലുകൾ പുതുക്കിയ ഭരണാനുമതി കൂടാതെ തന്നെ നടപ്പു സാമ്പത്തിക വർഷത്തെ (2019 -20 )ബഡ്ജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് .2018 -19 സാമ്പത്തിക വർഷത്തിൽ -വാക് വിത്ത് എ സ്കോളർ(WWS)/സ്കോളർ സപ്പോർട്ട് പ്രോഗ്രാം(SSP)) പദ്ധതിയുടെ ഭാഗമായി വിവിധ എയ്ഡഡ് കോളേജുകളുടെ നിന്നും ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ വിവരം വിവിധ ഡെപ്യൂട്ടി ഡയറക്ടർ മാർ പരാമർശം (3 മുതൽ 4 വരെ )അറിയിച്ചിട്ടുണ്ട്.. .ഈ സാമ്പത്തിക വർഷം FLAIR, WWS, SSP എന്നീ പദ്ധതികൾ അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസിനായും പ്ലാനിംഗ് ബോർഡിൻറെ ഉപദേശമനുസരിച്ചും-2202-03-105-90- Academic Excellence in Teaching ,Learning and Research എന്ന പുതിയ ശീർഷകത്തിൻ കീഴിലാക്കി മാറ്റി. പ്രസ്തുത ശീർഷകത്തിൽ ആകെ 17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2018 -19 സാമ്പത്തിക വർഷം വാക് വിത്ത് എ സ്കോളർ(WWS)/ സ്കോളർ സപ്പോർട്ട് പ്രോഗ്രാം(SSP)) പദ്ധതികളുടെ ഭാഗമായി ട്രഷറി ക്യൂ വിൽ കിടക്കുന്ന ആകെത്തുകയായ **4,19,897/- രൂപയുടെ (Rupees Four lakh nineteen thousand eight hundred and ninety seven only)** ബില്ലുകൾ മാറുന്നതിനു ആവശ്യമായ തുക 2202-03-105-90- Academic Excellence in Teaching ,Learning and Research എന്ന ശീർഷകത്തിൽ നിന്നും താഴെ പറയുന്ന പ്രകാരം വിവിധ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അനുവദിച്ചു ഉത്തരവാകുന്നു.

| നം | ഡെപ്യൂട്ടി ഡയറക്ടർ | ആകെ wws ക്യൂ ബിൽ തുക(രൂപയിൽ) | ആകെ ssp ക്യൂ ബിൽ തുക(രൂപയിൽ) | ആകെ തുക(രൂപയിൽ) |
|---|---|---|---|---|
| 1 | കൊല്ലം | 48600 | 21375 | 69975 |
| 3 | കോഴിക്കോട് | 349922 | - | 349922 |
| | | | | 419897 |

മേൽവിവരിച്ച പ്രകാരം അനുവദിച്ചിരിക്കുന്ന തുക വാക് വിത്ത് എ സ്കോളർ(WWS) /സ്കോളർ സപ്പോർട്ട് പ്രോഗ്രാം(SSP ട്രഷറി ക്യൂ ബില്ലുകൾ മാറുന്നതിനു മാത്രമേ വിനിയോഗിക്കാൻ പാടുള്ളു . ഡെപ്യൂട്ടി ഡയറക്ടർമാർ തങ്ങളുടെ അധികാര പരിധിക്കുള്ളിലുള്ള എയ്ഡഡ് കോളേജുകളുടെ ബില്ലുകൾ ട്രഷറി ക്യൂവിലാണെന്നു പരിശോധിച്ച് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ മേൽപ്രകാരം അനുവദിച്ചിരിക്കുന്ന തുക കോളേജുകൾക്ക് അനുവദിക്കാവൂ .

ടി *തുക* **4,19,897/- രൂപ (Rupees Four lakh nineteen thousand eight hundred and ninety seven only** ഈ സാമ്പത്തിക വർഷത്തെ (2019-20) 2202-03-105-90- Academic Excellence in Teaching ,Learning and Research എന്ന ശീർഷകത്തിൽ നിന്നുംകുറവ് ചെയ്യേണ്ടതാണ്

ഒപ്പ്/-
ഡോ .കെ കെ സുമ
**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ(ഇൻ ചാർജ്)**

പകർപ്പ് –1) ഡെപ്യൂട്ടി ഡയറക്ടർ കൊല്ലം , ,കോഴിക്കോട്
2)WWS/SSPസ്റ്റേറ്റ് കോഓർഡിനേറ്റർ
3)ബജറ്റ് സെക്ഷൻ
4)കരുതൽ / നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്